**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4357** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഇ.ഡബ്ല്യൂ.എസ്. സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവർക്ക് വിവിധ അനുകൂല്യങ്ങൾ ലഭിക്കുന്നതിന് നല്കപ്പെടേണ്ടതായ ഇ.ഡബ്ല്യൂ.എസ്. സർട്ടിഫിക്കറ്റ് സീറോ മലബാർ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ SC, ST, OBC, OEC തുടങ്ങിയ സംവരണ പട്ടികകളിലൊന്നും ഉൾപ്പെടാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങൾക്കും സാമ്പത്തിക സംവരണത്തിന് (EWS reservation) അർഹതയുണ്ടായിരിക്കുന്നതാണ്. കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളെ ഉൾപ്പെടുത്തി പൊതുഭരണ(ഏകോപന) വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പട്ടികയിൽ ക്രമ നമ്പർ 163 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 'സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്)' എന്നാണ്. 'റോമൻ കാത്തലിക് ' എന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയവർക്ക് സാക്ഷ്യപത്രം ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പട്ടികയിൽ ക്രമ നമ്പർ 163 ലെ രേഖപ്പെടുത്തൽ 'സിറിയൻ കാത്തലിക്/റോമൻ കാത്തലിക്/സീറോ മലബാർ കാത്തലിക്' എന്നിങ്ങനെ പരിഷ്കരിച്ച് ഉത്തരവാകുന്നതിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അതേ സമയം നിലവിലെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാത്രമേ EWS സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് സർക്കാർ നിർദേശം നൽകിയിട്ടില്ല. ജാതി-മത വ്യത്യാസം കൂടാതെ ഇപ്പോൾ സംവരണം ലഭിക്കാത്ത എല്ലാ വിഭാഗങ്ങളിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, EWS സംവരണത്തിന് അർഹരാണ്. മുന്നോക്ക കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടാത്തതും നിലവിൽ എസ്.സി-എസ്.ടി, ഒ.ബി.സി സംവരണമൊന്നും ലഭിക്കാത്ത വിഭാഗങ്ങളും EWS സംവരണത്തിന് അർഹരാണ്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ സീറോ മലബാർ എന്ന് | (ബി) | നിലവിൽ SC, ST, OBC, OEC തുടങ്ങിയ സംവരണ പട്ടികകളിലൊന്നും ഉൾപ്പെടാത്ത സാമ്പത്തികമായി |

| | | | |
|---|---|---|---|
| | രേഖപ്പെടുത്താത്ത കാരണത്താൽ ഇ.ഡബ്ല്യൂ.എസ്. സർട്ടിഫിക്കറ്റ് ചില റവന്യൂ ഉദ്യോഗസ്ഥർ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങൾക്കും സാമ്പത്തിക സംവരണത്തിന് (EWS reservation) അർഹതയുണ്ടായിരിക്കുന്നതാണ്. കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളെ ഉൾപ്പെടുത്തി പൊതുഭരണ(ഏകോപന) വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പട്ടികയിൽ ക്രമ നമ്പർ 163 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 'സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്)' എന്നാണ്. 'റോമൻ കാത്തലിക് ' എന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയവർക്ക് സാക്ഷ്യപത്രം ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പട്ടികയിൽ ക്രമ നമ്പർ 163 ലെ രേഖപ്പെടുത്തൽ 'സിറിയൻ കാത്തലിക്/റോമൻ കാത്തലിക്/സീറോ മലബാർ കാത്തലിക്' എന്നിങ്ങനെ പരിഷ്കരിച്ച് ഉത്തരവാകുന്നതിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അതേ സമയം നിലവിലെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാത്രമേ EWS സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് സർക്കാർ നിർദേശം നൽകിയിട്ടില്ല. ജാതി-മത വ്യത്യാസം കൂടാതെ ഇപ്പോൾ സംവരണം ലഭിക്കാത്ത എല്ലാ വിഭാഗങ്ങളിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, EWS സംവരണത്തിന് അർഹരാണ്. മുന്നോക്ക കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടാത്തതും നിലവിൽ എസ്.സി-എസ്.ടി, ഒ.ബി.സി സംവരണമൊന്നും ലഭിക്കാത്ത വിഭാഗങ്ങളും EWS സംവരണത്തിന് അർഹരാണ്. |
| (സി) | ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നല്കി അർഹരായ മുഴുവൻ സീറോ മലബാർ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ SC, ST, OBC, OEC ഉടങ്ങിയ സംവരണ പട്ടികകളിലൊന്നും ഉൾപ്പെടാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങൾക്കും സാമ്പത്തിക സംവരണത്തിന് (EWS reservation) അർഹതയുണ്ടായിരിക്കുന്നതാണ്. കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളെ ഉൾപ്പെടുത്തി പൊതുഭരണ(ഏകോപന) വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പട്ടികയിൽ ക്രമ നമ്പർ 163 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 'സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്)' എന്നാണ്. 'റോമൻ കാത്തലിക് ' എന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയവർക്ക് സാക്ഷ്യപത്രം ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പട്ടികയിൽ ക്രമ നമ്പർ 163 ലെ രേഖപ്പെടുത്തൽ 'സിറിയൻ കാത്തലിക്/റോമൻ കാത്തലിക്/സീറോ |

| | | | |
|---|---|---|---|
| | | | മലബാർ കാത്തലിക്' എന്നിങ്ങനെ പരിഷ്കരിച്ച് ഉത്തരവാകുന്നതിലേക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അതേ സമയം നിലവിലെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് മാത്രമേ EWS സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് സർക്കാർ നിർദേശം നൽകിയിട്ടില്ല. ജാതി-മത വ്യത്യാസം കൂടാതെ ഇപ്പോൾ സംവരണം ലഭിക്കാത്ത എല്ലാ വിഭാഗങ്ങളിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, EWS സംവരണത്തിന് അർഹരാണ്. മുന്നോക്ക കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടാത്തതും നിലവിൽ എസ്.സി-എസ്.ടി, ഒ.ബി.സി സംവരണമൊന്നും ലഭിക്കാത്ത വിഭാഗങ്ങളും EWS സംവരണത്തിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ